# US PROFILES



## ഡോ.സണ്ണി ലൂക്ക്




# ഡോ.സണ്ണി ലൂക്ക്
## ജനിതകശാസ്ത്രത്തിൽ കയ്യൊപ്പ് ചാർത്തിയ മലയാളി

**മീട്ടു റഹ്മത്ത് കലാം**

മെഡിക്കൽ ജനറ്റിക്സ്, ഓങ്കോളജി, ടിഷ്യു എഞ്ചിനീയറിംഗ്, മനുഷ്യ പരിണാമസിദ്ധാന്തം എന്നീ മേഖലകളിൽ അനിതരസാധാരണമായ സംഭാവനകൾ നൽകിയിട്ടുള്ള ശാസ്ത്രജ്ഞനാണ് ഡോ.സണ്ണി ലൂക്ക്. ന്യൂയോർക്കിലെ അഡൽഫൈ യൂണിവേഴ്സിറ്റിയിൽ നിന്ന് മെഡിക്കൽ ബയോളജിയിൽ ഉന്നത ബിരുദം നേടിയ അദ്ദേഹം, അദ്ധ്യാപനത്തിലും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. കോശങ്ങളിൽ നിന്ന് ചർമ്മം വികസിപ്പിക്കാമെന്നതുൾപ്പെടെയുള്ള ഈ ശാസ്ത്രജ്ഞന്റെ കണ്ടെത്തലുകളാണ് വിപ്ലവകരമായ നിരവധി ചുവടുവയ്പുകൾക്ക് വഴിയൊരുക്കിയത്. ജീവിതത്തിന്റെ ഏറിയപങ്കും ഗവേഷണങ്ങൾക്കായി നീക്കിവച്ച ഡോ. സണ്ണി ലൂക്ക്, അമേരിക്കയിലെ തിരക്കുകളിൽ നിന്നൊഴിഞ്ഞ് ജന്മനാടായ കോട്ടയത്ത് ഭാര്യ ഫിലോയ്ക്കൊപ്പം വിശ്രമജീവിതം ആസ്വദിക്കുകയാണ്...

**നാട്ടിലെ വിദ്യാഭ്യാസകാലയളവ് ?**

കഷ്ടതകൾ നിറഞ്ഞതായിരുന്നു എന്റെ കുട്ടിക്കാലം. യാത്രാക്ലേശമായിരുന്നു അന്നത്തെ ഏറ്റവും വലിയ ബുദ്ധിമുട്ട്. കോട്ടയത്തുള്ള നീറിക്കാട് എന്ന എന്റെ ഗ്രാമത്തിൽ, ഗതാഗത സൗകര്യം തീർത്തും പരിമിതമായിരുന്നു. പേരൂരിനപ്പുറം മീനച്ചിലാറിനോട് ചേർന്നുള്ള സ്ഥലം പ്രകൃതിരമണീയതകൊണ്ട്



ഇന്നും അനുഗ്രഹീതമാണ്. കോട്ടയത്തുള്ള ഹൈസ്കൂളിൽ ഞങ്ങളുടെ കുടുംബത്തിൽ നിന്നാദ്യം പഠിക്കാൻ പോയത് ഞാനാണ്. അറുപതുകളുടെ തുടക്കത്തിൽ, കോട്ടയത്തെ ഏറ്റവും വലിയ ഹൈസ്കൂളായിരുന്ന എം.ടി.സെമിനാരിയിൽ ചേരാൻ കഴിഞ്ഞതാണ് ജീവിതത്തിലെ ഏറ്റവും വലിയ വഴിത്തിരിവ്. വെളുപ്പിന് അഞ്ചുമണിക്കുണർന്ന് കടത്തുവള്ളത്തിൽ മീനച്ചിലാർ കടന്ന്, പേരൂരെത്തി കുറേ ദൂരം നടന്നാൽ മാത്രമേ ബസ് പിടിച്ച് സ്കൂളിൽ എത്താൻ സാധിക്കുമായിരുന്നുള്ളൂ. ബസ് സർവീസ് തീരെ കുറവായിരുന്നതിനാൽ മിക്ക ദിവസങ്ങളിലും പേരൂർ മുതൽ സംക്രാ






ന്തി വരെ നടക്കേണ്ടി വന്നിരുന്നു. എം.ടി സ്കൂളിലെ ചാക്കോ സാറാണ് സയൻസിലും ഇംഗ്ലീഷിലും എന്നിൽ താല്പര്യം ജനിപ്പിച്ചത്. നല്ല ഐക്യൂ ഉള്ള കുട്ടികൾക്ക് മാത്രം പ്രവേശനം നൽകിയിരുന്ന സ്കൂളിലെ എല്ലാ അദ്ധ്യാപകരും കഴിവുറ്റവരും തങ്ങളുടെ തൊഴിലിൽ അങ്ങേയറ്റം ആത്മാർഥത പുലർത്തുന്നവരും ആയിരുന്നു. എന്റെ അധ്യാപനജീവിതത്തിൽ അവർ ചെലുത്തിയ സ്വാധീനവും വളരെ വലുതാണ്. അതുകൊണ്ടുതന്നെ, കയ്പ്പേറിയ അന്നത്തെ നടത്തത്തെക്കുറിച്ച് ഓർത്തെടുക്കുമ്പോഴും ജീവിതത്തിൽ വഴിവിളക്കായിത്തീർന്ന അക്ഷരമുറ്റം ഉള്ളിൽ മധുരം നിറയ്ക്കും. മാന്നാനം കെ.ഇ കോളജിലായിരുന്നു തുടർപഠനം. ഹൈക്കോടതി ജഡ്ജിയായി വിരമിച്ച തോമസ്.ടി.ജോസഫായിരുന്നു കോളജിലേക്കുള്ള നടത്തത്തിൽ മിക്കപ്പോഴും കൂട്ട്. കെ.ഇ കോളജിലെ പഠനം കാര്യമായ സ്വാധീനം ചെലുത്തിയിട്ടില്ല. അന്ന്, മെഡിസിന് പ്രവേശനം ലഭിക്കാത്തവർക്ക് മുന്നിൽ ഉണ്ടായിരുന്ന ഓപ്ഷനായിരുന്നു ജെനറ്റിക്സ്. അങ്ങനെ, കാര്യവട്ടം ക്യാമ്പസിൽ നിന്ന് 1975 ൽ ജെനറ്റിക്സിൽ



ബിരദാനന്തരബിരുദം നേടി. ആ ക്യാമ്പസിലെ പഠനം അമേരിക്കയിൽ എനിക്കൊരുപാട് പ്രയോജനപ്പെട്ടിട്ടുണ്ട്. അമേരിക്കൻ നിലവാരത്തിലായിരുന്നു അവിടെ പഠിപ്പിച്ചിരുന്നത്. ധാരാളം ജേണലുകൾ വായിച്ചും വിവിധ സെമിനാറുകളിൽ പങ്കെടുത്തും വിദഗ്ദ്ധമായ റിസർച്ച് ട്രെയിനിങ് അവിടെനിന്ന് ലഭിച്ചു. ഗവേഷണത്തിൽ ആഭിമുഖ്യം ഉണ്ടായതും അവിടെനിന്നാണ്.

**അധ്യാപകനായി ജോലി ചെയ്ത ശേഷം വിദ്യാർത്ഥിയായപ്പോൾ?**

ഓഗസ്റ്റ് 15, 1976 നായിരുന്നു ഫിലോയുമായുള്ള എന്റെ വിവാഹം. അമേരിക്കയിൽ ഉപരിപഠനത്തിന് അതേ വർഷം അഡ്മിഷൻ ലഭിച്ചിരുന്നെങ്കിലും ടിക്കറ്റിനും മറ്റുമായി 50,000 രൂപ പോലും തരപ്പെടുത്താൻ സാധിച്ചില്ല. ബാങ്ക് ലോണോ മറ്റു സൗകര്യങ്ങളോ അന്ന് ഉണ്ടായിരുന്നില്ല. ഉത്തരവാദിത്തങ്ങൾ കൂടിയതോടെ, സാമ്പത്തിക ഭദ്രത മുന്നിൽക്കണ്ടാണ് ഞാനും ഭാര്യയും നൈജീരിയയിൽ മിനിസ്ട്രി ഓഫ് എജ്യുക്കേഷനു കീഴിലുള്ള ഹൈ സ്കൂളിൽ അധ്യാപികരായത്. എട്ടുവർഷത്തോളം അവിടെ ജോലി ചെയ്തു. മക്കൾ ജനിച്ചശേഷം 1984- ലാണ് ഞാൻ അമേരിക്കയിൽ സ്റ്റുഡന്റ് വിസയിൽ എത്തുന്നത്. 5,000 വിദ്യാർത്ഥികൾ മാത്രം പഠിക്കുന്ന ന്യൂയോർക്കിലെ ഗാർഡൻ സിറ്റിയിലുള്ള അഡൽഫി യൂണിവേഴ്സിറ്റിയിലായിരുന്നു പഠനം. ഗാർഡൻ സിറ്റി മില്യനെയർമാർ മാത്രം താമസിക്കുന്ന പോഷ് ഏരിയ ആണ്. ആ യൂണിവേഴ്സിറ്റിയിലെ ആദ്യ ബയോളജി ബാച്ചിലെ ആദ്യ വിദേശി വിദ്യാർത്ഥി ഞാനായിരുന്നു. വൈറ്റ്സിന് മാത്രമായിരുന്നു അവിടെ പ്രവേശനം നൽകിയിരുന്നത്.

**സ്റ്റുഡന്റ് വിസ ലഭിക്കാൻ പ്രയാസമുണ്ടായിരുന്നോ? പഠനകാലത്ത് വിവേചനം നേരിട്ടിരുന്നോ ?**





നൈജീരിയയിൽ അദ്ധ്യാപകനായിരുന്നതുകൊണ്ട് അമേരിക്കയിലേക്ക് മൾട്ടിപ്പിൾ എൻട്രി വിസിറ്റിംഗ് വിസ ലഭിക്കാൻ എളുപ്പമായിരുന്നു. ഇംഗ്ലീഷിലുള്ള എന്റെ പ്രാവീണ്യവും ഇതിനിടയിൽ മെച്ചപ്പെട്ടു. ന്യൂയോർക്കിൽ നിന്നുകൊണ്ടു തന്നെയാണ് സ്റ്റുഡന്റ് വിസയ്ക്ക് അപേക്ഷിച്ചത്. അതുകൊണ്ട് അഡ്മിഷൻ ലഭിക്കാൻ ബുദ്ധിമുട്ടുണ്ടായില്ല. ഡോ.കൂളിഡ്ജ് ചർച്ചിലായിരുന്നു എന്നെ ഇന്റർവ്യൂ ചെയ്തത്. ഭാഷയുടെ കാര്യത്തിലായാലും വിഷയത്തെക്കുറിച്ചുള്ള അറിവിന്റെ അടിസ്ഥാനത്തിലായാലും ഞാൻ പ്രവേശനത്തിന് അർഹനാണെന്ന് അദ്ദേഹത്തിന് ബോധ്യപ്പെട്ടു. എങ്കിലും നോൺ-വൈറ്റ് ആയ ഒരാളെ പ്രവേശിപ്പിക്കണോ എന്ന് അൽപനേരം ആലോചിച്ചു. ഞാനൊരു ഇന്ത്യക്കാരനാണെന്ന് അറിഞ്ഞതും അദ്ദേഹത്തിന്റെ ഭാവം മാറി. ഇന്ത്യയോട് തനിക്ക് വൈകാരികമായ അടുപ്പമുണ്ടെന്ന് ചർച്ചിൽ പറഞ്ഞു. അദ്ദേഹത്തിന്റെ പിതാവ് കൊളോണിയൽ കാലഘട്ടത്തിൽ ബ്രിട്ടീഷ് ഇന്ത്യയിൽ ഡോക്ടർ ആയിരുന്നത്രെ. ഇന്ത്യക്കാരന് ഇരിക്കട്ടെ ആദ്യ ഇന്റർനാഷണൽ അഡ്മിഷനെന്ന് അദ്ദേഹം തീരുമാനിച്ചു. ടീച്ചിങ് അസിസ്റ്റന്റ്ഷിപ്പിന് പ്രവേശനം ലഭിക്കാൻ ആ സോഫ്റ്റ്-കോർണർ ഒരു നിമിത്തമായി.

ആദ്യ സെമസ്റ്ററിൽ അല്പസ്വല്പം വിവേചനം നേരിട്ടിരുന്നു. സംശയങ്ങൾക്ക് പ്രൊഫസർമാർ മറുപടി നൽകാതെയും സഹപാഠികൾ അകന്ന് നിൽക്കുന്നതുമായ അവസ്ഥ ഉണ്ടായിരുന്നു. എന്നാൽ, ആദ്യ സെമസ്റ്റർ കഴിഞ്ഞപ്പോൾ തന്നെ, വൈറ്റ് സ്റ്റുഡന്റ്സിനൊന്നും ഞാനുമായി കോംപീറ്റ് ചെയ്യാൻ കഴിയാത്തത്ര ഉയർന്ന സ്കോറോടെ ഞാൻ ടോപ്പറായി.

ജേണൽസ് ക്ലബുകളിലും മറ്റുമുള്ള എന്റെ സംഭാവനകൾ ശ്രദ്ധ നേടാനും തുടങ്ങി. സ്റ്റൈപ്പൻഡായി ലഭിച്ചിരുന്നത് 320 ഡോളർ മാത്രമായിരുന്നു. അതിൽ 300 ഡോളറും വാടകയായി പോകുമായിരുന്നു.രണ്ടുവർഷത്തോളം വെറും ഇരുപത് ഡോളർ കൊണ്ട് ഒരുമാസത്തെ ഭക്ഷണമുൾപ്പെടെയുള്ള ചിലവുകൾ നടത്തിയിരുന്ന എനിക്ക്, പണത്തിന്റെ വില നന്നായറിയാം. ബന്ധുക്കളിൽ പലരും അമേരിക്കയിൽ ഉണ്ടായിരുന്നിട്ടും, വിദ്യാർത്ഥിയായ ഞാൻ അവർക്കൊരു സാമ്പത്തിക ബാധ്യതയായി തീരുമോ എന്ന് ഭയന്ന് അടുപ്പിച്ചിട്ടില്ല. പഠനത്തിൽ മാത്രം ശ്രദ്ധിച്ച് ജീവിക്കാൻ സഹായിച്ചത് ഒരുപക്ഷേ ക്ലേശകരമായ ആ ചുറ്റുപാടുകൾ ആയിരുന്നിരിക്കാം. പഠിക്കുക എന്നതല്ലാതെ യാതൊന്നും എനിക്ക് ചെയ്യാനുണ്ടായിരുന്നില്ല. ആറു വർഷം കഴിഞ്ഞ് എന്നെ വിളിച്ചുവരുത്തി, പഠിച്ചിറങ്ങിയ യൂണിവേഴ്സിറ്റിയിൽ പ്രൊഫസറായി ജോലി തന്നതിന്റെ കാരണം എന്റെ പെർഫോമൻസ് തന്നെയാണ്. ആ യൂണിവേഴ്സിറ്റിയിൽ പ്രതിവർഷം രണ്ടു വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പോടുകൂടി അഡ്മിഷൻ കൊടുക്കാനുള്ള അധികാരവും എനിക്ക് നൽകിയിരുന്നു. ഇന്ത്യയിൽ നിന്ന് നിരവധി വിദ്യാർത്ഥികളെ അത്തരത്തിൽ സൗജന്യമായി പഠിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇന്നവരെല്ലാം വലിയ നിലകളിൽ എത്തിച്ചേർന്നതിൽ ചാരിതാർത്ഥ്യമുണ്ട്.

**ജീവിതത്തിൽ ഏറ്റവും കടപ്പാട് തോന്നിയിട്ടുള്ള വ്യക്തി?**

ബിരുദാനന്തരബിരുദം കഴിഞ്ഞ് നേരെ പി.എച്ച്ഡി ചെയ്യാൻ അമേരിക്കയിലേക്ക് പോകാൻ എനിക്ക് സാധിച്ചിരുന്നില്ല. അദ്ധ്യാപകനായി ജോലി ചെയ്തശേഷമാണ് അമേരിക്കയിൽ വിദ്യാർത്ഥിയായത്. 22 വയസ്സുള്ള അപേക്ഷകർക്കൊപ്പം മുപ്പത്തിനാലുകാരനായ എനിക്ക് സ്കോളർഷിപ്പ് തരാൻ സ്വാഭാവികമായും അധികൃതർക്ക് താല്പര്യമുണ്ടായിരുന്നില്ല. ആ സാഹചര്യത്തിൽ, ഒരു ദേവദൂതനെപ്പോലെ അടഞ്ഞവാതിലുകൾ എന്റെ





മുന്നിൽ മലർക്കെ തുറന്ന ഡോ. ചർച്ചിലിനെക്കുറിച്ച് ഞാൻ മുൻപേ പറഞ്ഞല്ലോ. അദ്ദേഹത്തോടെനിക്ക് തീർത്താൽ തീരാത്ത കടപ്പാടുണ്ട്. സ്റ്റുഡന്റ് വിസയിൽ അമേരിക്കയിൽ കഴിയുമ്പോൾ, രണ്ടുവർഷമായി ഭാര്യയേയും മക്കളെയും പിരിഞ്ഞുകഴിയുന്നതിന്റെ വിഷമമുണ്ടായിരുന്നു. ജോലി ഉണ്ടെങ്കിൽ മാത്രമേ പിടിച്ചുനിൽക്കാൻ സാധിക്കൂ എന്ന അവസ്ഥയായി. 1986ൽ മലയാളികൾക്കാർക്കും എച്ച്1 വിസയെക്കുറിച്ച് അറിയുമായിരുന്നില്ല. അതുപോലെ മെറിറ്റോറിയസ് ആയ ആളുകൾക്കെ ആ വിസ നല്കിയിരുന്നുള്ളു. ഒരു ലോയർ മുഖേനയാണ് എച്ച് 1 വിസയെക്കുറിച്ച് ഞാനറിഞ്ഞത്. ജോലി സമ്പാദിക്കുക എന്നൊരു കണ്ടീഷൻ മുൻപിൽ ഉണ്ടായിരുന്നു. ഇന്റർവ്യൂ ബോർഡ് എന്റെ പെർഫോമൻസിൽ സന്തുഷ്ടരാകുമ്പോഴും സ്റ്റുഡന്റ് വിസയിലാണ് കഴിയുന്നതെന്നറിയുമ്പോൾ റിജെക്ട് ചെയ്യുമായിരുന്നു. പതിനാലിടങ്ങളിൽ നിന്ന് അത്തരത്തിൽ അവസാനനിമിഷം ജോലി ലഭിക്കാതെ മടങ്ങേണ്ടി വന്നു. ഗ്രേയ്റ്റർ ബാൾട്ടിമോർ മെഡിക്കൽ സെന്റേഴ്സ് എന്ന പ്രെസ്റ്റീജിയസ് ഹോസ്പിറ്റലിലായിരുന്നു പതിനഞ്ചാമത് ശ്രമിച്ചത്. കാര്യമായ പ്രതീക്ഷയുണ്ടായിരുന്നില്ല. ഡോ. സ്റ്റീഫൻ അമാറ്റോ ആയിരുന്നു എന്നെ ഇന്റർവ്യൂ ചെയ്തത്. കുട്ടികളുമായി ഡീൽ ചെയ്യുന്നതുകൊണ്ടാകാം പീഡിയാട്രീഷ്യന്മാർക്ക് നല്ല ക്ഷമയാണ്. അദ്ദേഹമെന്റെ സ്ഥിതിഗതികൾ വിശദീകരിക്കാൻ സാവകാശം തന്നു. എം.എസ്.സി കഴിഞ്ഞ് ഡോ. മിത്ര എനിക്ക് അമേരിക്കയിൽ പി.എച്ച് ഡി ചെയ്യാൻ അഡ്മിഷൻ ശരിയാക്കിയിരുന്നെന്നും, വിമാന ടിക്കറ്റ് എടുക്കാൻ റിട്ടയേർഡ് അധ്യാപകനായ പിതാവിന് സാമ്പത്തികമായി കഴിയുമായിരുന്നില്ലെന്നതടക്കം എന്റെ അതുവരെയുള്ള ജീവിതം ഞാൻ തുറന്നുപറഞ്ഞു. ബംഗാളിയായ ഡോ. മിത്ര അദ്ദേഹത്തിന്റെയും മെന്ററായിരുന്നു എന്നത് നിമിത്തം പോലെ തോന്നുന്നു. ആ ഒരു പേരിന്റെ ബലത്തിലാണ് എനിക്ക് ജോലി ലഭിച്ചത്. എച്ച് ആർ ഹെഡിനെ ഞൊടിയിടയിൽ വിളിച്ചുവരുത്തി 'I want to appoint him right now. But he is not having visa. Consult the lawyer and do whatever is required' എന്ന് അദ്ദേഹം പറഞ്ഞതോടെ എന്റെ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടു.



മുഴുവൻ സ്റ്റാഫും വൈറ്റ്സ് ആയിട്ടുള്ള ആശുപത്രിയിൽ എനിക്കായി വഴിതുറന്നുതന്ന ഡോ.മിത്രയെ നന്ദിയോടെ ഞാൻ ഇപ്പോഴും ഓർക്കുന്നു. നൊബേൽ പുരസ്കാര ജേതാവായ ഡോ. ബൊറാനയുടെ അരുമശിഷ്യൻ ഡോ. മെൽവിൻ സിൽബർക്ലാങ്ങ് എന്നെ ഒരു സയന്റിസ്റ്റ് ആക്കുന്നതിൽ വലിയ പങ്ക് വഹിച്ച വ്യക്തിയാണ്. സ്കിൻ-കാർട്ടിലേജ്-ബോൺ ആൻഡ് ഫാറ്റ് ടിഷ്യൂസ് സ്റ്റെം സെല്ലിൽ നിന്ന് വികസിപ്പിച്ചെടുക്കുന്ന ഗവേഷണം ന്യൂയോർക്കിൽ പൂർത്തീകരിക്കാൻ സാധിച്ചത് അദ്ദേഹത്തിന്റെ മാർഗോപദേശങ്ങൾകൊണ്ടാണ്.

**കൗതുകകരമായ ചില കണ്ടെത്തലുകൾക്ക് പിന്നിൽ പ്രവർത്തിച്ചിട്ടുണ്ടല്ലോ, അത്തരത്തിൽ ഒരനുഭവം പങ്കുവയ്ക്കാമോ?**

 

92ൽ നടന്ന ഒരു സംഭവം പറയാം. തന്റെ ഇരട്ടക്കുട്ടികളുടെ പിതാവ് ഭർത്താവല്ല, അന്യപുരുഷനാണെന്ന അവകാശവാദവുമായി അമേരിക്കൻ വനിത രംഗത്തുവന്നതോടെയാണ് പരീക്ഷണങ്ങൾക്ക് വഴിയൊരുങ്ങിയത്. ആരോപിതനായ വ്യക്തി, കുട്ടികളുടെ പിതൃത്വം ഏറ്റെടുക്കാൻ വിസമ്മതിച്ചു. ഇരട്ടയിൽ ഒന്ന് ആണും മറ്റേത് പെണ്ണുമായിരുന്നു. കുട്ടികളുടെ അച്ഛനെന്ന് അമ്മ ചൂണ്ടിക്കാട്ടിയ ആളുടെ പതിനെട്ടാമത്തെ ക്രോമസോമിൽ കണ്ട പ്രത്യേകതകൾ ആൺകുട്ടിയുടെ പതിനെട്ടാമത്തെ ക്രോമസോമിൽ കണ്ടതോടെ, ആൺകുട്ടി ആ പുരുഷന്റേതാണെന്ന് ഉറപ്പായി. എന്നാൽ, പെൺകുട്ടിയിൽ ഈ പ്രത്യേകത കണ്ടില്ല. പെൺകുട്ടി സ്ത്രീയുടെ ഭർത്താവിൽ നിന്നുതന്നെ ജനിച്ചതാണെന്ന് അതിൽ നിന്ന് വ്യക്തമായി. 'ഇരട്ടക്കുട്ടികൾക്ക് വെവ്വേറെ ഡാഡിമാർ' എന്നാണ് മലയാള മനോരമ ഈ വാർത്തയ്ക്ക് തലക്കെട്ട് നൽകിയത്.



**വിശ്വപ്രസിദ്ധ അമേരിക്കൻ നാചറൽ ഹിസ്റ്ററി മ്യൂസിയത്തിൽ താങ്കളുടെ കണ്ടുപിടിത്തങ്ങൾക്ക് സ്ഥിരപ്രതിഷ്ഠ ലഭിച്ചിരുന്നല്ലോ?**

ഡി.എൻ.എ സാങ്കേതികത്വം ഉപയോഗിച്ച് പരിണാമ സിദ്ധാന്തത്തിന്റെ വഴികൾ തെളിയിച്ചതിലൂടെയാണ് ആ ബഹുമതിക്ക് അർഹനായത്. ആയിരക്കണക്കിന് വർഷം മുൻപ് മണ്മറഞ്ഞ ദിനോസറുകളുടെ അസ്ഥികൂടങ്ങൾ മുതൽ ഉൽക്കകൾ വരെയുള്ള മ്യൂസിയമാണ് അമേരിക്കൻ നാചറൽ ഹിസ്റ്ററി മ്യൂസിയം. മനുഷ്യപരിണാമം സംബന്ധിച്ച വിഭാഗത്തിലാണ് എന്റെ കണ്ടുപിടിത്തം സ്ഥാനം പിടിച്ചത്. ആ വിഭാഗം മാത്രം പതിനായിരം ചതുരശ്ര അടിയുണ്ട്. പ്രദർശിപ്പിക്കപ്പെട്ട വിശദാംശങ്ങൾക്കൊപ്പം എന്റെ പേരുവിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. 48 ക്രോമസോമുള്ള കുരങ്ങുകളിൽ നിന്ന് 46 ക്രോമസോമുള്ള മനുഷ്യവംശം രൂപം കൊണ്ട പരിണാമ പ്രക്രിയയാണ് ഡി.എൻ.എ സാങ്കേതിക വിദ്യയിലൂടെ വിശകലനം ചെയ്തത്. ആൾക്കുരങ്ങിന്റെയും മനുഷ്യന്റെയും പാരമ്പര്യരഹസ്യങ്ങൾ ഉൾക്കൊള്ളുന്ന ഡി.എൻ.എ ശ്രേണി 99 ശതമാനം പൊരുത്തമുള്ളതാണെന്ന് തെളിയിക്കാനായി. ആൾക്കുരങ്ങും മനുഷ്യനുമായി പാരമ്പര്യത്തിൽ ഒരുശതമാനം മാത്രം വ്യത്യാസമേ ഉള്ളൂ എന്ന് സാരം.

**ഫിനിഷിങ് സ്കൂൾ എന്ന ആശയത്തിനുപിന്നിൽ?**

ഫിനിഷിങ് സ്കൂൾ എന്നത് സത്യത്തിൽ എന്റെ ആശയമല്ല. വേൾഡ് മലയാളി കൗൺസിലാണ് അങ്ങനൊരു കാര്യം മുന്നോട്ട് വച്ചത്. സ്റ്റുഡന്റ്സിനു വേണ്ട ടെക്നിക്കൽ സ്കിൽസ് അമേരിക്കയിൽ വച്ച് ശാഹുലാലിഭ ചെയ്ത പരിചയം എനിക്കുണ്ട്. ഹൈസ്കൂൾ തലം മുതൽ റിയൽ വേൾഡ് എക്സ്പോഷർ കിട്ടുന്നതാണ് വിദേശത്ത് പഠിക്കുന്ന കുട്ടികൾക്കുള്ള പ്രധാന മെറിറ്റ്. അലക്സ് കോശിയാണ് ഇക്കാര്യം എന്നോട് സൂചിപ്പിച്ചത്. നമ്മുടെ നാട്ടിലെ വിദ്യാർത്ഥികൾക്കും അവരുടെ സ്കിൽ വികസിപ്പിക്കാനുള്ള ഇടം ഒരുക്കേണ്ടതുണ്ടെന്ന് ബോധ്യപ്പെട്ടു. നാലുചുവരുകൾക്കുള്ളിൽ ഒതുങ്ങുന്നതാണ് ഇന്ത്യയിലെ പഠനരീതി. കേരളത്തിലെ അധ്യാപകരും വിദ്യാർത്ഥികളും മാതാപിതാക്കളും അതിനോട് താല്പര്യം കാണിച്ച് മുന്നോട്ട് വരണം. വിദേശ നിലവാരത്തോട് കിടപിടിക്കുന്ന ഫാക്കൽറ്റികളെ കിട്ടാത്തതാണ് പ്രധാന പരിമിതി. റിസേർച്ച് ആൻഡ് ഡെവലപ്മെന്റ് എന്ന കൾച്ചർ നമ്മുടെ കുട്ടികളിൽ വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യ






കതയെക്കുറിച്ച് ആരും ചിന്തിക്കുന്നില്ല. നമ്മുടെ കരിക്കുലത്തിൽ മാറ്റങ്ങൾ വരേണ്ട സമയം അതിക്രമിച്ചു. കഴിവുള്ള കുട്ടികൾ യുകെയിലേക്കും കാനഡയിലേക്കും പോകുന്നത്, ഇവിടെ അവർ ആഗ്രഹിക്കുന്ന സൗകര്യങ്ങൾ ലഭിക്കാത്തതുകൊണ്ടാണ്. ഞാൻ അമേരിക്കയിൽ ബയോടെക്നോളജി പഠിപ്പിക്കുമ്പോൾ അവർക്ക് സീറോ പെർസെന്റ് അൺഎംപ്ലോയ്മെന്റ് ആണ്, ഇവിടെ അതേവിഷയം പഠിച്ചിറങ്ങുന്ന ഒരുകുട്ടിക്കുപോലും ജോലി ലഭിക്കുന്നില്ല. വെറുതെ ഡിഗ്രി കൊടുത്ത് വിടുന്നതല്ലാതെ വിദ്യാർത്ഥികളുടെ സ്കിൽ വികസിപ്പിക്കാൻ യാതൊന്നും ഇവിടെ ചെയ്യുന്നില്ല. അതിനുള്ള അഡ്വാൻസ്ഡ് റിസേർച്ച് ഇൻസ്റ്റിട്യൂഷൻസും നമ്മുടെ നാട്ടിലില്ല.



**Introduction to Kerala Studies എന്ന പുസ്തകത്തെക്കുറിച്ച്?**

1998 ൽ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സയന്റിഫിക് ആൻഡ് അക്കാഡമിക് കോളാബറേഷൻ (IISAC) എന്നൊരു നോൺ-പ്രോഫിറ്റ് ഓർഗനൈസേഷന് ന്യൂജേഴ്സിയിൽ തുടക്കമിട്ടു. അറുപതോളം യുഎസ് യൂണിവേഴ്സിറ്റികളിൽ നിന്നുള്ള ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് ഇന്ത്യയിൽ വന്ന് പഠിക്കാൻ ഇതിലൂടെ അവസരം ലഭിച്ചിട്ടുണ്ട്.

IISAC എന്ന ഓർഗനൈസേഷൻ മുഖേന, 2000ൽ അമേരിക്കയിൽ നിന്ന് ഒരു സെമസ്റ്റർ പഠിക്കാൻ വേണ്ടി വിദ്യാർത്ഥികൾ കേരളത്തിൽ വന്നിരുന്നു. പ്രൊഫസർ എന്ന നിലയിലുള്ള എന്റെ സ്വാധീനമാണ് അതിന് കാരണം.

പോണ്ടിച്ചേരിയിൽ പ്രോഗ്രാം അറേഞ്ച് ചെയ്യുമ്പോഴും കുട്ടികൾ കേരളം മതിയെന്ന് ഇങ്ങോട്ട് പറയുമായിരുന്നു. പക്ഷേ അന്ന് നമ്മുടെ സംസ്ഥാനത്ത് സെമസ്റ്റർ പ്രോഗ്രാം തുടങ്ങിയിരുന്നില്ല. അമേരിക്കയ്ക്ക് തത്തുല്യമായ ഫോക്കസ് കൊടുത്തിരുന്ന യൂണിവേഴ്സിറ്റി പോണ്ടിച്ചേരിയിലേതായിരുന്നു. പിന്നീടാണ്, കേരള യൂണിവേഴ്സിറ്റിയിലേക്കത് വിപുലീകരിച്ചെടുത്തത്. കേരളത്തിന്റെ ഭംഗിയിൽ ആകൃഷ്ടരായി പല പ്രൊഫസർമാരും സ്റ്റുഡന്റ്സിനെ ഇങ്ങോട്ടേക്ക് കൊണ്ടുവരാൻ തുടങ്ങി.

ബയോഡൈവേഴ്സിറ്റിയുടെ ഫീൽഡ് സ്റ്റഡിക്കുവേണ്ടി ഒരു പ്രൊഫസർ അദ്ദേഹത്തിന്റെ കീഴിൽ പതിനഞ്ച് മുതൽ പതിനെട്ട് വിദ്യാർത്ഥികളെ ഒരു മാസത്തേക്ക് കൊണ്ടുവന്നിരുന്ന ആ പ്രോഗ്രാം 'Faculty Led Program'എന്നാണ് അറിയപ്പെടുന്നത്. അംബാസഡർ ശ്രീനിവാസൻ ചെയർമാൻ ആയിരുന്ന സമയമാണ്. ചെയർമാന് മുൻപിൽ എല്ലാ വൈസ് ചാൻസലർമാരും റിപ്പോർട്ട് ചെയ്യേണ്ട കാലഘട്ടമായിരുന്നു അത്. കുറച്ച് കുട്ടികളെ കേരള യൂണിവേഴ്സിറ്റിയിലേക്ക് വിടാൻ നിർദ്ദേശിച്ചത് അദ്ദേഹമാണ്. കേരള യൂണിവേഴ്സിറ്റിയിൽ വരുന്നവർക്ക് Introduction to Kerala Studies ഉൾപ്പടെ അഞ്ച് കോഴ്സുകൾ എടുക്കാം. അതിലൊന്ന് കേരളത്തെപ്പറ്റി പഠിക്കുക എന്നതും മറ്റൊന്ന് മലയാളം പഠിക്കുക എന്നുള്ളതുമായിരുന്നു. ആധികാരികമായി കേരളത്തെക്കുറിച്ച് വിവരങ്ങളുള്ള പുസ്തകം അതോടെ ഒരു ആവശ്യമായി തീർന്നു. കേരളത്തിന്റെ സംസ്കാരം, ചരിത്രം എല്ലാം ഉൾപ്പെടുത്തി 1400 പേജുള്ള പുസ്തകം സാധ്യമായത്,കേരളത്തെക്കുറിച്ച് ഗവേഷണം നടത്തിയ 80 പ്രൊഫസർമാരുടെ സഹകരണത്തോടെയാണ്. ആദ്യ മൂന്ന് അദ്ധ്യായങ്ങൾ ഞാൻ തന്നെ എഴുതി അയച്ചുകൊടുത്ത് ആ



രീതി പിന്തുടരാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. പലർ എഴുതിയതുകൊണ്ട് വായിക്കുമ്പോൾ 'uniformity' ഇല്ലാതെ വരരുതല്ലോ! മൂന്നുവർഷമെടുത്ത് പുസ്തകത്തിന്റെ 90 ശതമാനവും ഞാൻ തന്നെയാണ് എഡിറ്റ് ചെയ്തത്. വൈസ് ചാൻസലർ ആയിരുന്ന വിളനിലവും ആന്റണി പാലക്കനും സഹായിച്ചിരുന്നു.



അമേരിക്കൻ വിദ്യാർത്ഥികൾ കേരളത്തെ ഇഷ്ടപ്പെട്ടു എന്നുള്ളതാണ് അതിനുള്ള മറ്റൊരു പ്രേരണ. എന്റെ മക്കൾ ഉൾപ്പെടുന്ന അമേരിക്കയിലെ രണ്ടാം തലമുറയ്ക്ക് കേരളത്തെക്കുറിച്ച് കാര്യമായ അറിവില്ല എന്നതും ചിന്തയിൽ വന്നു. സ്വന്തം നാടിനെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്ന സിസ്റ്റം അമേരിക്കയിലുണ്ട്. അത് ഇവിടെയും ഉണ്ടായിരിക്കണമെന്ന് ആഗ്രഹം തോന്നി. വിനോദസഞ്ചാരികളെ ആകർഷിക്കുന്ന ഏതാനും കാറ്റ്‌ലോഗുകളിൽ ഒതുങ്ങുന്നതല്ല കേരളത്തിന്റെ ഗരിമയും പ്രൗഢിയുമെന്ന് ലോകത്തിനുമുന്നിൽ തുറന്നുകാട്ടാനാണ് പുസ്തകത്തിലൂടെ ശ്രമിച്ചിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെക്കുറിച്ച് അറിയാൻ ആഗ്രഹിക്കുന്ന ആർക്കും സഹായകമാകുന്ന തരത്തിൽ അക്കാഡമിക് വാല്യൂ കൊടുത്ത് അമേരിക്കൻ സ്റ്റാൻഡേർഡിലാണ് പുസ്തകത്തിന്റെ രൂപകല്പന.

**വിശ്രമജീവിതം കേരളത്തിൽ മതിയെന്ന് തീരുമാനിക്കാനുള്ള കാരണം?**

പിതാവിന്റെ ആഗ്രഹമായിരുന്നു അത്. മൂത്ത മകനാണ് ഞാൻ. സഹോദരങ്ങളെല്ലാം യു എസിലാണ്. ഒരാളെങ്കിലും ഇവിടെ ഉണ്ടായിരിക്കണമെന്ന് തോന്നി. വേരുകളിലേക്കുള്ള മടക്കമായിരുന്നു എന്റെയും താല്പര്യം. അമേരിക്കയിലൊക്കെ 'give back to your community' എന്നൊരു കീഴ്‌വഴക്കമുണ്ട്. നമ്മൾ ഒരു നിലയിൽ എത്തിച്ചേർന്നാൽ, അതുകൊണ്ട് നാടിന് ഗുണകരമായി തിരിച്ച് എന്തെങ്കിലും ചെയ്യാൻ ബാധ്യസ്ഥരാണെന്ന തത്വം അവിടെ നിന്ന് സ്വായത്തമായതാണ്. ഇരുപത് വർഷക്കാലം IISAC എന്ന സ്ഥാപനത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് അമേരിക്കയിൽ ആയിരിക്കെ തന്നെ ഇന്ത്യയുമായി ബന്ധപ്പെട്ടുകൊണ്ടായിരുന്നു ജീവിതം. അതുകൊണ്ട് മടങ്ങിവന്നാൽ വലിയൊരു വ്യത്യാസം തോന്നില്ലെന്ന വിശ്വാസമുണ്ടായിരുന്നു.

**കോവിഡ് കാലയളവ് എങ്ങനെ ചിലവിട്ടു?**

കാര്യമായി ഒന്നും ചെയ്യാനില്ലാതെ വെക്കേഷൻ മൂഡിലായിരുന്നു കോവിഡിന്റെ ആദ്യനാളുകൾ.





പുറത്തുപോകാൻ സാധിക്കാതെ ഹൗസ് അറസ്റ്റിലായതിന്റെ വിഷമതകൾ അലട്ടി. ഞാനും ഭാര്യയും വേൾഡ് ടൂർ എന്നുപറയുന്നതുപോലെ ഓരോ വർഷവും കാണാത്ത രാജ്യങ്ങൾ സന്ദർശിക്കുന്ന പതിവുണ്ടായിരുന്നു. അതെല്ലാം, കോവിഡ് മുടക്കി. ടെക്നിക്കലായി ചില പുസ്തകങ്ങൾ എഴുതിയാലോ എന്ന ആലോചനയാണ് ആദ്യം ഉണ്ടായത്. പിതാവിൽ നിന്ന് ലഭിച്ച മൂന്നേക്കർ സ്ഥലം കിടപ്പുണ്ട്, നെൽകൃഷി ചെയ്തും മറ്റും ചെറുപ്പകാലത്തുണ്ടായിരുന്ന പരിചയം ഉപയോഗപ്പെടുത്തിയാലോ എന്നതിനെക്കുറിച്ചും ചിന്തിച്ചു. കാര്യവട്ടം ക്യാമ്പസിൽ വച്ച് പ്ലാന്റ് ബ്രീഡിങ് എന്റെ ഇഷ്ടവിഷയമായിരുന്നു. വെറുമൊരു തോന്നലിന്റെ പുറത്ത് കൃഷിയിലേക്ക് ഇറങ്ങിയ എനിക്ക് രണ്ടുവർഷക്കാലം കൊണ്ട് മൂന്നരയേക്കറിൽ 'ഹിൽസൈഡ് ഗാർഡൻ ആൻഡ് നഴ്സറി' രൂപപ്പെടുത്താൻ സാധിച്ചു. മത്സ്യകൃഷിയും, താറാവ്, കോഴി, അലങ്കാരപ്പക്ഷി വളർത്തലുമെല്ലാം ഇതിനോടപ്പം നടക്കുന്നു. ഞങ്ങളുടെ ഗ്രാമത്തിലെ കുറച്ചു പേർക്ക് അതിലൂടെ ജോലി ലഭിച്ചു എന്നതും സന്തോഷം നൽകുന്നു.

സാമ്പത്തികമായ നേട്ടം ഉദ്ദേശിച്ചല്ല ഇതൊന്നും ചെയ്യുന്നത്. കേരളം അത്രത്തോളം ലേബർ കോസ്റ്റുള്ള സ്ഥലമാണ്. സംതൃപ്തിയാണ് പ്രധാനം. വിശ്രമജീവിതത്തിൽ പണം ഒരു മുൻഗണനയേ അല്ല. മനഃശാസ്ത്രത്തിൽ സന്തോഷത്തിന് 'ഫ്ലോ' എന്നൊരു വാക്ക് ഉപയോഗിക്കാറുണ്ട്. ചിത്രകാരന് നല്ല ചിത്രം വരയ്ക്കുമ്പോഴും ഭക്തന് ദേവാലയത്തിൽ പോയി പ്രാർത്ഥിക്കുമ്പോഴും അനുഭവപ്പെടുന്ന അനിർവചനീയമായ നിർവൃതിയാണത്. എന്നെസംബന്ധിച്ച്, കോവിഡ് കാലത്ത് എന്റെ ഫ്ലോ ആയിരുന്നു മണ്ണുമായി ഇണങ്ങിയുള്ള ജീവിതം. വിവിധ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് ബയോളജി വിദ്യാർത്ഥികൾ ഫാം സന്ദർശിക്കുന്നുണ്ട്. അവർക്ക് വേണ്ട എല്ലാവിധ പിന്തുണയും നൽകിവരുന്നു.

**തിരിഞ്ഞുനോക്കുമ്പോൾ എന്തുതോന്നുന്നു?**

നൂറുശതമാനം സംതൃപ്തി തോന്നുന്നു. ഇരുപത് ഡോളർ കൊണ്ട് അമേരിക്കയിൽ പിടിച്ചുനിൽക്കാൻ ബുദ്ധിമുട്ടിയ ആ പഴയ വിദ്യാർത്ഥിയുമായി താരതമ്യപ്പെടുത്തുമ്പോൾ ജീവിതം ആകെമാറി. വിവാഹം കഴിഞ്ഞ് ന്യൂയോർക്കിൽ എത്തുന്ന പല പെൺകുട്ടികളെയും എന്റെ ലാബിൽ അസിസ്റ്റന്റായി നിർത്തി ബേസിക്സ് പഠിപ്പിച്ച് ജോലി വാങ്ങി കൊടുത്തിട്ടുണ്ട്. ആരും സഹായിക്കാനില്ലാത്തതിന്റെ ബുദ്ധിമുട്ട് നമ്മൾ മനസ്സിലാക്കിയിട്ടുള്ളതുകൊണ്ടാണ്, അങ്ങനെ ചെയ്യാൻ മനസ്സ് പ്രേരിപ്പിച്ചത്. നമ്മുടെ കഴിവുകൊണ്ട് മറ്റൊരാളെ കൈ പിടിച്ചുയർത്താൻ സാധിച്ചാൽ അതിനോളം വലുതായി മറ്റൊന്നുമില്ലെന്നാണ് ഞാൻ വിശ്വസിക്കുന്നത്. കോവിഡിന് മരുന്ന് കണ്ടുപിടിക്കുന്ന ടീമിലും നാസായിലും മുൻനിര ശാസ്ത്രജ്ഞരായി ഞാൻ പഠിപ്പിച്ച കുട്ടികൾ എത്തിയത് കാണുമ്പോൾ, അതാണെന്റെ മനസ്സ് നിറയ്ക്കുന്നത്. നമ്മുടെ കാലം കഴിഞ്ഞാൽ പോലും അവരിലൂടെ ശാസ്ത്രലോകത്തിന് വലിയനേട്ടം ഉണ്ടാകുമല്ലോ!

**കാലം താങ്കളെ എങ്ങനെ അടയാളപ്പെടുത്തണം?**

Multifaceted ആയിത്തന്നെയാണ് ഇക്കാലമത്രയും ഞാൻ അറിയപ്പെട്ടിട്ടുള്ളത്. എന്നിലെ ശാസ്ത്രജ്ഞനെയും അധ്യാപകനെയും ഞാൻ ഒരുപോലെ സ്നേഹിക്കുന്നു. ഏത് കാര്യവും അങ്ങേയറ്റം ആത്മാർത്ഥതയോടും താല്പര്യത്തോടും കൂടിയാണ് ചെയ്തിട്ടുള്ളത്. കൃത്യമായ സമയത്ത് കൃത്യമായ സാങ്കേതിക വിദ്യ ഉപയോഗിക്കാൻ സാധിച്ചത് സമർപ്പിതമായ മനോഭാവം കൊണ്ടാണ്. മെഡിക്കൽ ജെനറ്റിക്സ്,ഓങ്കോളജി, ടിഷ്യു എഞ്ചിനീയറിംഗ് , മനുഷ്യ പരിണാമസിദ്ധാന്തം എന്നിവയിൽ എന്റേതായ 60 ല്പരം ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകൃതമായിട്ടുണ്ട്. NIH, NCI, മൈമോനൈഡ്സ് റിസേർച്ച് ഫൗണ്ടേഷൻ തുടങ്ങി സ്തുത്യർഹമായ ഏജൻസികളിൽ നിന്ന് എനിക്ക് റിസേർച്ച് ഗ്രാന്റുകൾ ലഭിച്ചിട്ടുണ്ട്. കാൻസർ

ബയോളൊജി, സ്റ്റം സെൽ ടെക്നോളജി, മോളിക്യൂലർ മെക്കാനിസം ഓഫ് ഡിസീസസ് എന്നിങ്ങനെ നിരവധി പ്രൊഫഷണൽ കോഴ്സുകൾ അഡൽഫി യൂണിവേഴ്സിറ്റിയിൽ തുടങ്ങിവച്ചത് പ്രൊഫസർ എന്ന നിലയിൽ കൈവരിച്ച അദ്വിതീയമായ നേട്ടമാണ്. എന്നെ എന്റെ കണ്ടെത്തലുകളുടെ പേരിൽ ഓർത്താലും, ശിഷ്യഗണങ്ങളുടെ മുന്നേറ്റത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തിയാലും സന്തോഷമാണ്. എന്റെ വിദ്യാർത്ഥികളും എന്റെ കണ്ടെത്തലുകൾ തന്നെയാണ്. റിസേർച്ച് രംഗത്തേക്ക് കടന്നുവരാൻ ഒരുപാട് കുട്ടികൾക്ക് പ്രേരണ നൽകാൻ സാധിച്ചതിൽ അഭിമാനമുണ്ട്. അഡൾഫി യൂണിവേഴ്സിറ്റിയിലെ ടോപ് റേറ്റിംഗ് പ്രൊഫസറായിരുന്നു ഞാൻ. പാർട് ടൈം പ്രൊഫസറും ഫുൾ ടൈം സയന്റിസ്റ്റുമായാണ് പ്രവർത്തിച്ചിരുന്നത്. ലണ്ടൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോളജി ചാർട്ടേർഡ് ബയോളജിസ്റ്റായി അംഗീകരിച്ചിട്ടുണ്ട്.



ഇന്ത്യയിൽ നിന്ന് അമേരിക്കയിലേക്ക് വിദ്യാർത്ഥികൾ പോകുന്നതിന് പകരം, അവിടെനിന്നുള്ള കുട്ടികളെ ഇന്ത്യയിൽ എത്തിക്കണമെന്ന ആഗ്രഹത്തിന്റെ പുറത്താണ് IISAC തുടങ്ങിയത്. അലക്സ് കോശിയടക്കം നിരവധി പേർ അതിനായി എന്നെ സഹായിച്ചിട്ടുണ്ട്. ടീന ഹോങ്ങ് എന്ന എന്റെ വിദ്യാർത്ഥി നാസായിലെ ബയോളജിക്കൽ ലാബിൽ റിസേർച്ച് നടത്തുന്നുണ്ട്. ബഹിരാകാശത്ത് ഹൃദയപേശികൾക്ക് വരുന്ന മാറ്റമാണ് ഗവേഷണവിഷയം. പത്താം ക്ലാസ്സിൽ പഠിക്കുമ്പോൾ എന്നെ കണ്ടുമുട്ടിയതാണ് റിസർച്ച് രംഗത്തേക്കുള്ള പ്രേരണയെന്ന് അവൾ പറഞ്ഞത് പ്രൊഫസർ എന്ന നിലയിൽ എനിക്ക് കിട്ടാവുന്ന ഏറ്റവും വലിയ ബഹുമതിയാണ്.

ബ്രെസ്റ്റ് കാൻസർ ബാധിതരായി ആറുമാസത്തിനുള്ളിൽ മരണപ്പെടുമായിരുന്ന അനേകം സ്ത്രീകളെ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരാൻ എന്റെ പരീക്ഷണങ്ങൾ സഹായമായിട്ടുണ്ട്. ഗർഭസ്ഥ ശിശുക്കളിലെ വൈകല്യങ്ങൾ ദ്രുതഗതിയിൽ മുൻകൂട്ടി അറിയുന്നതിനും എന്റെ കണ്ടെത്തലുകൾ പ്രയോജനപ്പെട്ടു. കോശങ്ങളിൽ നിന്ന് ചർമ്മങ്ങൾ വികസിപ്പിക്കാമെന്ന് തെളിയിച്ചത്, പ്രമേഹരോഗികളടക്കം അനവധി ആളുകൾക്ക് ആശ്വാസം പകർന്നു. മെഡിക്കൽ സയന്റിസ്റ്റ് എന്ന നിലയിലെ എന്റെ സംഭാവനകളിൽ അങ്ങേയറ്റം തൃപ്തനാണ്. ഇന്ത്യയിൽ നടക്കുന്ന കോൺട്രിബ്യൂഷൻസ് മാത്രമേ ഇവിടെ ആളുകളുടെ ശ്രദ്ധ നേടുന്നുള്ളു.

എത്രവലിയ കാര്യം ചെയ്താലും അതൊരു ചെറിയ കോളം വാർത്തയായി അധികം ആളുകൾ അറിയാതെ പോകുന്നു. അറിയപ്പെടണം എന്ന ആഗ്രഹത്തോടെ ഇതുവരെ ഒന്നും ചെയ്യാത്തതുകൊണ്ട് അക്കാര്യത്തിൽ വിഷമമോ നിരാശയോ ഇല്ല.

**ഭാവിപരിപാടികൾ?**

ജീവിതമിപ്പോൾ വലിയ ഓളങ്ങളൊന്നുമില്ലാതെ സ്വസ്ഥമായ തടാകം പോലെയാണ്. വിശ്രമമേ ഇല്ലാതെ ഒരായുസ്സിൽ നൽകാവുന്നത്ര സംഭാവനകൾ നൽകിയിട്ടുണ്ട്. ഭാര്യ കാൻസർ സർവൈവറാണ്. കാൻസർ ബയോളജിയിൽ ഇത്രയധികം ഗവേഷണം ചെയ്തിട്ട്, ഭാര്യയ്ക്ക് രോഗം പിടിപ്പെട്ടപ്പോൾ മനസ്സ് അസ്വസ്ഥമായിരുന്നു. കോവിഡിന് തൊട്ടുമുൻപാണ് സ്തനാർബുദം കണ്ടെത്തിയത്. ഒപ്പം നിന്ന് പരിചരിക്കാൻ പറ്റിയത് തന്നെ വലിയ കാര്യം. റേഡിയേഷനുശേഷം നടത്തിയ പരിശോധനയിൽ മറ്റുഭാഗങ്ങളെ ബാധിച്ചിട്ടില്ലെന്ന ആശ്വാസമുണ്ട്. ഇപ്പോൾ ഹോർമോൺ തെറാപ്പി ചെയ്തുവരികയാണ്. എനിക്കോ എന്റെ മക്കൾക്കോ പണത്തോട് ആസക്തിയില്ല. ചാരിറ്റിക്കാണ് പ്രാധാന്യം കൊടുക്കുന്നത്. സാമ്പത്തികമായി ബുദ്ധിമുട്ടുപറയുന്നവരെ സഹായിക്കുന്നതാണ് ഇപ്പോഴത്തെ സന്തോഷം. ഭിന്നശേഷിക്കാരായ കുട്ടികളും അടുത്തുള്ള വൃദ്ധസദനത്തിലെ അന്തേവാസികളും ഫാം സന്ദർശിക്കാൻ എത്താറുണ്ട്. അവർക്കൊപ്പം സമയം ചിലവിടും. ഉച്ചഭക്ഷണവും വിതരണം ചെയ്യും. 'Practical wisdom for young adults' എന്നൊരു പുസ്തകത്തിന്റെ പണിപ്പുരയിലാണ്. ഒരായുഷ്കാലം കൊണ്ട് നമ്മൾ മനസ്സിലാക്കിയ കാര്യങ്ങൾ, യുവതലമുറയുടെ ദൈനംദിനജീവിതത്തിൽ മാനസികവും വൈകാരികവുമായ പിന്തുണ നൽകുമെന്ന പ്രതീക്ഷയിലാണ് എഴുത്ത് മുന്നോട്ടുപോകുന്നത്. മക്കൾ: സന്ദീപ് ലൂക്ക്, സനൂപ് ലൂക്ക്. മരുമക്കൾ: ദിയ, കാമില. കൊച്ചുമക്കൾ: ആവ, കായൻ.